


## സ്മാർട്ട് സിറ്റി

# നാളത്തെ കേരളത്തിൽ ഇന്നത്തെ കേരളീയർക്ക് സ്ഥാനമില്ലാതാകുന്ന അവസ്ഥ

വിവര സാങ്കേതിക വിദഗ്ദ്ധരായ സി.കെ. രാജുവും അനിവർ അരവിന്ദും നടത്തിയ സംഭാഷണത്തിൽനിന്ന്

സി.കെ.രാജു : എങ്ങനെയാണീ ആശയം കടന്നുകൂടിയത് എന്ന് ഓർക്കുന്നുണ്ടോ?

അനിവർ അരവിന്ദ് : കഴിഞ്ഞ യുഡിഎഫ് ഭരണകാലത്താണ് ഈ ആശയം ഉണ്ടായിട്ടുള്ളത്. ഒ.ഇ.സി.ഡി. ദുബായിൽ സംഘടിപ്പിച്ച ഒരു അന്താരാഷ്ട്ര ഐടി കോൺഫറൻസിൽ കേരളത്തിലെ വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി പങ്കെടുത്തിരുന്നു. അവിടെ വെച്ചാണ് ഡിഐസി (ദുബായ് ഇന്റർനെറ്റ് സിറ്റി) യുമായി ഒരു ദീർഘകാല പങ്കാളിത്തത്തെക്കുറിച്ച് സംഭാഷണങ്ങൾ നടന്നിട്ടുള്ളത്. കേരളത്തെ ഒരു സിറ്റി സ്റ്റേറ്റ് ആയി മന്ത്രി മുന്നോട്ട് വെച്ചതായി പത്രങ്ങൾ ചൂണ്ടി കാണിക്കുന്നു. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഇത് 2002 ജനുവരിയിലാണ്. കേരളത്തിൽ പക്ഷെ ഈ വാർത്ത വരുന്നത് ഒരു വർഷത്തിനുശേഷമാണ്. 2-3 വർഷംകൊണ്ട് പ്രസ്തുത പദ്ധതി നടപ്പിലാക്കുമെന്നാണ് പി.കെ. കുഞ്ഞാലിക്കുട്ടി അന്ന് പ്രസ്താവിച്ചിട്ടുള്ളത്. ഇതിനായി 200 ഏക്കറോളം ഭൂമി വേണ്ടിവരുമെന്നായിരുന്നു ആദ്യകാല വിലയിരുത്തലുകൾ.

രാജു : വികസനത്തിന്റെ മാതൃകയായിട്ടാണ് വി.എസ്. മന്ത്രിസഭ സ്മാർട്ട് സിറ്റിയെ ഇന്ന് മുന്നോട്ട് വയ്ക്കുന്നത്.

അനിവർ : ഒരു 'വിലപേശൽ' ക്രിയയിൽ സ്റ്റേറ്റ് അതിന്റെ പാടവം തെളിയിക്കാൻ കിട്ടിയ ഒരു അവസരത്തിലുപരി ഇത് ഏത് രീതിയിലാണ് ഒരു മാതൃകയാവുക. 18 ലക്ഷം ലിറ്റർ വെള്ളമൂറ്റുന്ന കൊക്കക്കോളയെ 8 ലക്ഷം ലിറ്റർ വെള്ളമൂറ്റുന്നതിലേക്ക് ചുരുക്കിയാൽ അതിനെ ഒരു മാതൃകയാക്കാൻ പറ്റുമോ?

രാജു : അതായത് പ്രാഥമിക കർത്തവ്യമായ നിയമനിർമ്മാണ പ്രക്രിയയിൽ നിന്ന് സ്റ്റേറ്റ് കാര്യമായി വ്യതിചലിച്ചിരിക്കുന്നു.

അനിവർ : നിയോലിബറൽ നയങ്ങൾ പിന്തുടരുന്ന എല്ലാ സ്റ്റേറ്റുകൾക്കും വന്നുചേരുന്ന ഒരു ഘട്ടമാവാം ഇത്. പ്രതിഷേധത്തിന് തീരെ സാദ്ധ്യത വരാത്തവിധം ഉപജീവന മാർഗ്ഗം-90000ത്തോളം തൊഴിൽ സാദ്ധ്യത എന്ന ഒരു പ്രലോഭനവുമായി ബന്ധിപ്പിച്ചിട്ടാണ് ഇത് സാദ്ധ്യമാവുന്നത്.

രാജു : ഒരു ഫോർത്ത് എസ്റ്റേറ്റ് ആണെന്ന് കൊട്ടിഘോഷിക്കുന്ന മീഡിയ വഹിക്കുന്ന പങ്ക് നിസ്സാരമായി കാണാൻ സാധിക്കുന്നില്ല. തീരെ വിമർശന പാടവം ഇല്ലാത്ത വെറും മാധ്യമമായി ചുരുങ്ങുന്നതും കാണാം.

അനിവർ : സമീപകാലത്തെ വികസന ചർച്ചകളിലെല്ലാം തന്നെ ഒരു അപ്പർ എലൈറ്റ് ക്ലാസിന്റെ സൗകര്യങ്ങളെക്കുറിച്ചാണ് ഉൽക്കണ്ഠപ്പെടുന്നത്. അതിനെ ഇപ്പോൾ എൻ.ആർ.ഐ. എലൈറ്റ് എന്ന നിലയിലേക്ക് മാറ്റുകയാണ് സ്മാർട്ട് സിറ്റി ചർച്ചകളിൽ മീഡിയയുടെ ഏറ്റവും വലിയ സംഭാവന.

രാജു : സ്വപ്നത്തെ തന്നെ വേറൊരു ലോകത്തേക്ക് എത്തിക്കാൻ ഇതുകൊണ്ട് സാധിക്കുന്നു അല്ലേ.

അനിവർ : നമ്മൾ വെറുതെയങ്ങ് കേൾക്കുന്നപോലെ ഇതൊരു ഐടി പാർക്ക് മാത്രമല്ല. ഒരു പ്രത്യേക സാമ്പത്തിക മേഖലയ്ക്കകത്ത് സ്ഥിതിചെയ്യുന്ന ഒരു നഗരമാണിത്. കമ്പനികളും ഫ്ളാറ്റുകളും ഷോപ്പിങ്ങ് മാളുകളുമെല്ലാം പ്രവർത്തിക്കുന്ന ഒരു സ്വപ്നലോകം. ഇതോടുകൂടി നാമിതുവരെ കണ്ടിട്ടില്ലാത്ത എല്ലാവരുടെയും പരമലക്ഷ്യമായ ഒരു മാതൃക നിർമ്മിക്കപ്പെടുകയാണ്. കേരളം മുഴുവൻ 'സ്മാർട്ട് സിറ്റി' കളാകാൻ തയ്യാറെടുക്കുകയാണ്.

രാജു : പ്രാന്തവൽക്കരിക്കരണത്തിന് ഭീകരമായ ഒരു ഗതിവേഗം വന്നുചേരുന്നത് പക്ഷെ ആരുടെയും കണ്ണിൽപെടുന്നില്ല. നാളത്തെ കേരളത്തിൽ ഇന്നത്തെ കേരളീയർക്ക് സ്ഥാനമില്ലാതാവുന്ന അവസ്ഥ.

അനിവർ : പ്രാന്തവൽക്കരിക്കപ്പെടുന്നവർ എന്നതിനേക്കാൾ പോയ്മറയുന്നവർ എന്ന വാക്കാണ് ഇവിടെ കൂടുതൽ യോജിക്കുന്നതായി തോന്നുന്നത്. ഈ പറയുന്നപോലെ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നെത്തുന്ന 90000 ഐടി തൊഴിലാളികൾ (ഈ ജോലികൾ മലയാളിയുടെ മാത്രമുള്ളതല്ലല്ലോ) ആയിരിക്കും നാളത്തെ കേരളീയർ. ഈ പോയ്മറയുന്നവരുടെ കാര്യത്തിൽ ഗവൺമെന്റിന് അതുകൊണ്ടുതന്നെ വലിയ താൽപര്യമൊന്നും ഉള്ളതായി കാണാനുമില്ല.

രാജു : നൈതികമായ കാഴ്ചപ്പാടോടെ പ്രാന്തവൽക്കരിക്കപ്പെടുന്നവരുടെ ക്ഷേമത്തിനായി നിയമനിർമ്മാണത്തെക്കുറിച്ച് ചിന്തിച്ച് വേവലാതിപ്പെടേണ്ട നിയമനിർമ്മാണ സഭയുടെ വീക്ഷണംതന്നെ മാറിയിരിക്കുന്നു. കഴിഞ്ഞ 50 വർഷത്തെ വിലിയിരുത്തുമ്പോൾ ഇതല്ലേ ഏറ്റവും പ്രകടമായ മാറ്റം.

അനിവർ : അതേസമയം തന്നെ എല്ലാ പ്രാന്തവൽകൃതസമരങ്ങളുടെയും രക്ഷാധികാരിത്വം ഏറ്റെടുത്ത് എല്ലാ സാധ്യതകളെയും പെട്ടെന്ന് കൊട്ടിയടച്ചു കളയുന്ന ഇടതുപക്ഷത്തിന്റെ ചിലപ്പോഴത്തെയെങ്കിലും ഒരു മുഖമുണ്ടല്ലോ. അതാണ് എനിക്കിതിലും ഭീകരമായിത്തോന്നുന്നത്.

രാജു : ഉത്തരവാദങ്ങളിൽനിന്ന് ഒഴിവാകുമ്പോഴല്ലേ ആഘോഷിക്കാൻ പറ്റൂ.

അനിവർ : 'സ്മാർട്ട് സിറ്റി' അങ്ങനെ പെട്ടെന്നൊഴിയാവുന്ന ഒരുത്തരവാദിത്വമല്ലല്ലോ. കേരളത്തിലിതുവരെ ഉണ്ടായതിലേറ്റവും മികച്ച ഒരു ഐടി പോളിസിയുമായി വന്ന ഗവൺമെന്റാണിത്. ഐടിയുടെ സാമൂഹ്യലക്ഷ്യങ്ങളെപ്പറ്റി വ്യക്തമായ ബോധ്യമുള്ളവരാണ് ഇന്ന് ആ വിഷയം കൈകാര്യം ചെയ്യുന്നത്. എന്നിട്ടും ഇന്നത്തെ ഐടി പോളിസിക്കു കടക വിരുദ്ധമായ 'സ്മാർട്ട് സിറ്റി' എന്ന അതിഭീകരമായ ഡിസൈനിനെ ഇവർ ഏറ്റെടുക്കുന്നത് എന്തിനാണെന്നു മനസ്സിലാവുന്നില്ല. "വികസന വിരുദ്ധ'നല്ല വി.എസ്. എന്ന് തെളിയിക്കുവാൻ സ്മാർട്ട് സിറ്റിയെ ചിലർ 'വികസന മാതൃക'യായി അവതരിപ്പിക്കുന്നതു കാണുമ്പോഴാണ് സങ്കടം.

രാജു : കുത്തകകൾ അവർ ദുരുപയോഗം ചെയ്യുന്ന പേറ്റന്റ് നിയമങ്ങൾ വഴി ഉണ്ടാക്കപ്പെടുന്ന സമ്പത്ത് തൊഴിലുമായി വലിയ ബന്ധമൊന്നുമില്ലാത്തതല്ലേ. ഇതറിയാവുന്നവർ തന്നെ കുത്തകവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതെന്തുകൊണ്ടാണ്? സ്വതന്ത്ര സോഫ്റ്റ്‌വെയർ മുന്നോട്ടു വയ്ക്കുന്ന രീതിയിൽ ഭൂമിയിന്മേൽ ഒരു അവകാശവാദമുന്നയിക്കുന്നില്ലല്ലോ. അത്തരം അവകാശവാദങ്ങളെ നിരാകരിച്ചുകൊണ്ടല്ലേ ലോകമെമ്പാടും ഇത് വികസിക്കപ്പെടുന്നത്. ഒരു പരസ്പര വിരുദ്ധ നിലപാടെടുക്കുന്നപോലെ തോന്നുന്നു. ആശയപരമായി സ്വതന്ത്രസോഫ്റ്റ്‌വെയറിനെ പോളിസി വഴി പ്രോത്സാഹിപ്പിക്കുന്നതും ക്രിയാത്മകതയിലേക്ക് എത്തുമ്പോൾ പക്ഷെ ഭൂമി ഒരു അനിവാര്യഘടകമാക്കുന്ന കുത്തക ചിന്താപദ്ധതികൾക്ക് സ്റ്റേറ്റ് വിഭവങ്ങൾ ഒരുക്കി കൊടുക്കുകയല്ലേ ചെയ്യുന്നത്?

അനിവർ : ഇതിൽ ഒരുപാട് വിശദീകരിക്കേണ്ടതുണ്ട്. ഒന്നാമതായി സ്വതന്ത്ര സോഫ്റ്റ്‌വെയർ സമൂഹം സ്മാർട്ട്സിറ്റിയെ എങ്ങനെ കാണുന്നു എന്നതിനെപ്പറ്റി. രണ്ട്, സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ വികസന രീതിയും ഭൂമിയുമായുള്ള ബന്ധവും. ഐടി നയം തന്നെ ജനങ്ങൾക്ക് പെട്ടെന്നു മനസ്സിലാവണമെന്നില്ല.

രാജു : ബാംഗ്ലൂരിൽ വെച്ച് ഈയിടെ നടന്ന ഒരു അന്താരാഷ്ട്ര കോൺഫറൻസിൽ സ്വതന്ത്ര സോഫ്റ്റവെയറിന്റെ നന്മകളെപറ്റിയും സാങ്കേതികതകളെക്കുറിച്ചും പകർപ്പവകാശ നിയമങ്ങളെക്കുറിച്ചും വലിയൊരു ചർച്ചയ്ക്കൊടുവിൽ ഒരു വിദ്യാർത്ഥിനി ചോദിക്കുകയുണ്ടായി. "സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉൽപ്പാദിപ്പിക്കുന്ന പ്രക്രിയയിൽ ചേരാൻ എനിക്ക് താൽപ്പര്യമുണ്ട്. എന്തൊക്കെ യാവണം ഞാൻ കരുതിവെയ്ക്കേണ്ടത്?" ഇതിന് ലിനക്സ് കെർണൽ ഡെവലപ്പർ ആയ അലൻ കോക്സ് കൊടുത്ത മറുപടി ശ്രദ്ധേയമാണ്. "ആകെ വേണ്ടത് ഒരു ഇമെയിൽ എക്കൗണ്ടും ഇന്റർനെറ്റ് ആക്സസും മാത്രം." അതായത് ഇന്റർനെറ്റ് സൗകര്യമുള്ള ഏതൊരു ദിക്കിൽ ഇരുന്നുകൊണ്ട് തന്നെ ഏറ്റവും മികച്ച സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉൽപ്പാദിപ്പിക്കാനാവും. എത്ര വലിയ ഗ്രൂപ്പിന്റെ കൂടെ ചേരാം, അവർ പലരും പലയിടത്തായാലും യാതൊരു മാറ്റവും തോന്നാത്ത രീതിയിൽ ഏറ്റവും സുതാര്യമായ രീതികൾ അവലംബിക്കാം. ഒരു ഗൂഢാലോചനയ്ക്കല്ലേ ഭൂമി അനിവാര്യമാകുന്നത്. അത് ലവലേശം ഇവിടെയില്ലല്ലോ. സമൂഹത്തെക്കുറിച്ചുള്ള ചിന്തകൾ വളരെ വ്യത്യാസപ്പെട്ട രീതിയിൽ കാണുന്നവർക്കല്ലേ ഈ രീതിയോട് യോജിക്കാനാവൂ. കഴിവുകൾ ത്യാഗമനോഭാവത്തോടെ കൈമാറാൻ വിമുഖതയില്ലാത്തവർക്ക് അറിവ് വർദ്ധിക്കാനേ ഇതുകൊണ്ടുപകരിക്കൂ എന്നറിയാവുന്നവർക്ക്.

അനിവർ : ഇത് ത്യാഗത്തിന്റെ മാത്രം കാര്യമൊന്നുമല്ല. സമൂഹത്തിന്റെ സോഫ്റ്റ്‌വെയർ ആവശ്യങ്ങൾ മനസ്സിലാക്കുന്ന ഒരാൾക്ക് എടുത്താൽ തീരാത്തത്ര തൊഴിൽ ഇവിടെത്തന്നെയുണ്ട്. വരുമാനവും. എങ്ങനെയാണ് സമൂഹത്തിൽ മാർക്കറ്റ് നിലനിൽക്കുന്നത്? സ്വന്തം ആവശ്യങ്ങൾക്കനുസരിച്ച് ഏതു സാധനവും ഒരാൾ വാങ്ങുന്നത് ആ വിഷയത്തിൽ അറിവുള്ള മറ്റൊരാളുടെ അഭിപ്രായം തേടിയായിരിക്കും. (നിത്യോപയോഗ സാധനങ്ങളൊഴികെ). ഭൂരിഭാഗം ഇടനിലക്കാരും വേരുറപ്പിച്ചിരിക്കുന്നതിവിടെയാണ്. കുത്തകകൾ ഇതു മനസ്സിലാക്കുകയും കസ്റ്റമർ റഫറലുകൾക്ക് കമ്മീഷൻ നൽകുകയും ചെയ്തു തുടങ്ങിയിട്ടുണ്ട്. ഇവിടെ നിങ്ങളുടെ സുഹൃത്തിന് നിങ്ങൾക്കു വേണ്ട സേവനം നൽകാനാവുമെങ്കിൽ അയാൾക്കുള്ള പ്രതിഫലം നൽകാൻ നിങ്ങൾക്കും സന്തോഷമല്ലേ കാണൂ. സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനം തന്നെ കൺസ്യൂമറിൽ നിന്ന് പ്രൊഡ്യൂസറിലേക്കുള്ള മാറ്റത്തെക്കുറിച്ചാണല്ലോ?

ഇതിനോടൊപ്പം തന്നെയാണ് ടെക്നോപൊളിസ് വികസന സങ്കൽപ്പങ്ങളുടെ (ഐടി പാർക്ക് സമ്പദ്‌വ്യവസ്ഥയിൽ അധിഷ്ഠിതമായ നഗരം) ആഗോളതലത്തിലുള്ള തകർച്ചയും നോക്കിക്കാണേണ്ടത്. ഡോട്ട് കോം ബൂമിനുശേഷം സിലിക്കൺ വാലിയിൽനിന്നു തുടങ്ങിയ ഐടി പാർക്ക് നഗരങ്ങളുടെ തകർച്ചയിൽ പിടിട്ടുനിന്നത് ബാംഗ്ലൂർ മാത്രമാണ്. അതാണെങ്കിൽ ബാക്ക് ഓഫീസ് ജോലികളുടെ (സൈബർ കൂലിയെന്നാണ് പുതിയ പദം) പിൻബലത്തിലും.

*(തുടരും)*

*anivar@movingrepublic.org*
*doxa@sancharnet.in*